

## സൂറ-20

# താഹാ

**ആയത്ത് 117 മുതൽ 121 വരെ**

വിലക്കപ്പെട്ടതിനോട് മോഹം തോന്നുക മനുഷ്യന്റെ ഒരു ദൗർബല്യമാണ്. അതിൽ താൻ ആഗ്രഹിക്കുന്ന ചില നേട്ടങ്ങളുണ്ടെന്ന് കേൾക്കുക കൂടി ചെയ്താൽ മോഹം ആർത്തിയായി മാറും. അതുകൊണ്ടാണ് ഇബ്‌ലീസ് ശത്രുവാണെന്നും അവൻ നിങ്ങളെ സ്വർഗത്തിൽനിന്ന് പുറത്താക്കുന്നത് സൂക്ഷിക്കണമെന്നും അല്ലാഹു നേരത്തെ മുന്നറിയിപ്പു നൽകിയത്. സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെട്ടേക്കുമോ എന്ന ആദമിന്റെ ആശങ്കയിൽ തന്നെയാണ് ഇബ്‌ലീസ് കയറിപ്പിടിച്ചത്.

فَقُلْنَا يَٰٓـَٔادَمُ إِنَّ هَٰذَا عَدُوٌّ لَّكَ وَلِزَوْجِكَ فَلَا يُخْرِجَنَّكُمَا مِنَ ٱلْجَنَّةِ فَتَشْقَىٰٓ ﴿١١٧﴾

117. നാം പറഞ്ഞു: അല്ലയോ ആദമേ, സൂക്ഷിച്ചുകൊള്ളുക. തീർച്ചയായും ഇവൻ നിനക്കും നിന്റെ ഭാര്യക്കും ശത്രുവാകുന്നു. ഇവൻ നിങ്ങളെ സ്വർഗത്തിൽനിന്നു പുറത്താക്കാനും അങ്ങനെ നിങ്ങൾ ക്ലേശിതരാകാനും ഇടയാകാതിരിക്കട്ടെ.

إِنَّ لَكَ أَلَّا تَجُوعَ فِيهَا وَلَا تَعْرَىٰ ﴿١١٨﴾

118. ഇവിടെ നിനക്ക് വിശപ്പറിയാതെയും നഗ്നനാവാതെയും വാഴാം.

وَأَنَّكَ لَا تَظْمَؤُا۟ فِيهَا وَلَا تَضْحَىٰ ﴿١١٩﴾

119. ദാഹവും താപവും ഇവിടെ നിന്നെ പീഡിപ്പിക്കുകയില്ല.

فَوَسْوَسَ إِلَيْهِ ٱلشَّيْطَٰنُ قَالَ يَٰٓـَٔادَمُ هَلْ أَدُلُّكَ عَلَىٰ شَجَرَةِ ٱلْخُلْدِ وَمُلْكٍ لَّا يَبْلَىٰ ﴿١٢٠﴾

120. എന്നാൽ ചെകുത്താൻ ആദമിനെ മോഹിപ്പിച്ചു. അവൻ ചോദിച്ചു: അല്ലയോ ആദം, നിത്യജീവിതവും അക്ഷയമായ ആധിപത്യവും നേടിത്തരുന്ന ഒരു വൃക്ഷം ഞാൻ താങ്കൾക്കു കാണിച്ചുതരട്ടെയോ?!

فَأَكَلَا مِنْهَا فَبَدَتْ لَهُمَا سَوْءَٰتُهُمَا وَطَفِقَا يَخْصِفَانِ عَلَيْهِمَا مِن وَرَقِ ٱلْجَنَّةِ وَعَصَىٰٓ ءَادَمُ رَبَّهُۥ فَغَوَىٰ ﴿١٢١﴾

121. അങ്ങനെ ആദമും ഭാര്യയും ആ വൃക്ഷത്തിന്റെ ഫലം ഭുജിച്ചു. ഉടനെ അവരുടെ നഗ്നത പരസ്പരം വെളിവായി. അവർ സ്വർഗത്തിലെ ഇലകൾ കൊണ്ട് തങ്ങളെ മറക്കാൻ തുടങ്ങി. ആദം അവന്റെ നാഥനെ ധിക്കരിച്ചു. അതുവഴി മാർഗഭ്രഷ്ടനായി.

فَقُلْنَا = അപ്പോൾ നാം പറഞ്ഞു  يَٰٓـَٔادَمُ = അല്ലയോ ആദം  إِنَّ هَٰذَا = തീർച്ചയായും ഇവൻ
عَدُوٌّ = ശത്രുവാകുന്നു  لَّكَ وَلِزَوْجِكَ = നിനക്കും നിന്റെ ഭാര്യക്കും
فَلَا يُخْرِجَنَّكُمَا = അവൻ നിങ്ങളെ രണ്ടുപേരെയും പുറത്താക്കാ(ൻ ഇടയാകാ)തിരിക്കട്ടെ  مِنَ ٱلْجَنَّةِ = സ്വർഗത്തിൽനിന്ന്
فَتَشْقَىٰٓ = (രാകാനും) അങ്ങനെ നിങ്ങൾ ക്ലേശിതരാകും  إِنَّ لَكَ = തീർച്ചയായും നിനക്കുണ്ട്(ക്ക് വാഴാം)
أَلَّا تَجُوعَ = (വിശപ്പറിയാതെയും) നീ വിശക്കാതെ  فِيهَا = ഇവിടെ (സ്വർഗത്തിൽ)
وَلَا تَعْرَىٰ = (വാഴാം) നീ നഗ്നനാവാതെയും  وَأَنَّكَ = തീർച്ചയായും നീ  لَا تَظْمَؤُا۟ = ദാഹി(ഹവും)ക്കുകയില്ല  فِيهَا = ഇവിടെ
وَلَا تَضْحَىٰ = (താപവും നിന്നെ പീഡിപ്പിക്കുകയില്ല) വെയിലേൽക്കുകയുമില്ല
فَوَسْوَسَ إِلَيْهِ ٱلشَّيْطَٰنُ = ചെകുത്താൻ അവ(ആദമി)നെ വ്യാമോഹിപ്പിച്ചു  قَالَ = അവൻ പറഞ്ഞു (ചോദിച്ചു)
يَٰٓـَٔادَمُ = അല്ലയോ ആദം  هَلْ أَدُلُّكَ = (കാണിച്ചുതരട്ടെയോ) ഞാൻ നിന്നെ അറിയിക്കട്ടെയോ
عَلَىٰ شَجَرَةِ ٱلْخُلْدِ = നിത്യജീവിത(വും)ത്തിന്റെ വൃക്ഷം
وَمُلْكٍ لَّا يَبْلَىٰ = (ത്യവും നേടിത്തരുന്ന) അക്ഷയമായ ആധിപത്യത്തിന്റെയും

അവർ രണ്ടു പേരും അതിൽനിന്ന് (ആ വൃക്ഷത്തിന്റെ ഫലം) ഭുജിച്ചു = فَأَكَلَا مِنْهَا
അവരുടെ, അവർക്ക് = لَهُمَا അപ്പോൾ (ഉടനെ പരസ്പരം) വെളിവായി = فَبَدَتْ
രണ്ടുപേരും മറക്കാൻ തുടങ്ങി = وَطَفِقَا يَخْصِفَانِ ഇരുവരുടെയും ഗുഹ്യം (നഗ്നത) = سَوْءَاتُهُمَا
ആദം ധിക്കരിച്ചു = وَعَصَىٰٓ ءَادَمُ സ്വർഗത്തിന്റെ ഇലകളാൽ = مِن وَرَقِ ٱلْجَنَّةِ അവരുടെ മേൽ (തങ്ങളെ) = عَلَيْهِمَا
അതുവഴി അവൻ മാർഗഭ്രഷ്ടനായി = فَغَوَىٰ അവന്റെ നാഥനെ = رَبَّهُۥ

## 117–119

ഇബ്ലീസ് മനുഷ്യന് പ്രണാമം ചെയ്യാൻ വിസമ്മതിക്കുക മാത്രമല്ല ചെയ്തത്. മനുഷ്യനെക്കാൾ എത്രയോ ഉത്തമനാണ് താനെന്ന് അഹങ്കരിക്കുകയും ചെയ്തിരുന്നു. മനുഷ്യനെ പ്രണമിക്കാൻ താനടക്കമുള്ള സൃഷ്ടികളോടു കൽപിച്ചതിൽ കൊടിയ പകയും അസൂയയുമുണ്ടായിരുന്നു. മനുഷ്യനെ അല്ലാഹുവിന്റെ ശ്രേഷ്ഠ സൃഷ്ടിയാക്കി ഭൂമിയിൽ ഖലീഫയായി വാഴിച്ചതിനെ അവൻ ചോദ്യം ചെയ്തു. തനിക്ക് അവസരം തരികയാണെങ്കിൽ മനുഷ്യരെ വഴിതെറ്റിച്ചുകൊണ്ട് അവർ ഈ സ്ഥാനത്തിനും ബഹുമതിക്കും അർഹരല്ലെന്ന് കാണിച്ചുതരാമെന്ന് അല്ലാഹുവിനെ വെല്ലുവിളിക്കുകയും ചെയ്തു. ഈ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് അല്ലാഹു അവന്ന് അന്ത്യനാൾവരെ അവസരം നൽകി. ഈ പശ്ചാത്തലത്തിൽ അല്ലാഹു ആദമിനെ ഉണർത്തുകയാണ്: സൂക്ഷിച്ചുകൊള്ളുക. ഈ ഇബ്ലീസ് നിങ്ങളുടെ തുറന്ന ശത്രുവാണ്. അവൻ നിങ്ങൾക്ക് പ്രണാമം ചെയ്യാൻ വിസമ്മതിച്ചതും നിങ്ങളെക്കാൾ ശ്രേഷ്ഠനാണെന്ന് വാദിച്ചതും, നിങ്ങളെ വഴിതെറ്റിക്കാൻ പ്രതിജ്ഞയെടുത്തതും നിങ്ങൾ നേരിൽ കണ്ടതാണ്. തഞ്ചം കിട്ടിയാൽ ഏതു കുടില തന്ത്രം പ്രയോഗിച്ചും അവൻ നിങ്ങളെ ഈ സ്വർഗത്തിൽനിന്നു പുറത്താക്കും. ആ പുറത്താക്കൽ നിങ്ങളെ സംബന്ധിച്ചേടത്തോളം അത്യന്തം ദൗർഭാഗ്യകരമായിരിക്കും. فَتَشْقَىٰٓ എന്നാണ് മൂലവാക്യം. ദൗർഭാഗ്യവും ക്ലേശവുമാണ് شقاء. സൗഭാഗ്യത്തിന്റെ-سعادة-വിപരീതമാണിത്. ഇതിൽനിന്നുള്ള ഭാവികാല ക്രിയാരൂപമാണ് تشقى. സ്വർഗത്തിൽനിന്നു പുറത്തുപോകേണ്ടി വന്നാൽ നീ വലിയ നിർഭാഗ്യവാനും ക്ലേശിതനുമാകും. ഭക്ഷണം, വെള്ളം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ജീവിത വിഭവങ്ങൾ നേടാൻ ഏറെ അധ്വാനിക്കേണ്ടിവരും. ഇവിടെ നിനക്ക് വിശപ്പറിയേണ്ട. നഗ്നതയനുഭവിക്കേണ്ട. ഉഷ്ണവും ദാഹവും അനുഭവിക്കേണ്ട. ആഹാരപാനീയങ്ങളെല്ലാം ക്ലേശലേശമന്യേ ലഭിച്ചുകൊണ്ടിരിക്കുന്നു. ചൂടിൽനിന്നും തണുപ്പിൽനിന്നും രക്ഷപ്പെടാൻ വസ്ത്രങ്ങളും പാർപ്പിടങ്ങളും തേടി പ്രയാസപ്പെടേണ്ട. അസഹ്യമായ ചൂടും തണുപ്പും അരക്ഷിതത്വവും സ്വർഗത്തിന്നന്യമാണ്. സുഖവും സമാധാനവും സുരക്ഷയും നിറഞ്ഞ ഇടമാണീ സ്വർഗം. മനുഷ്യൻ ഭൂമിയിൽ അധ്വാനിച്ചു ക്ലേശിക്കേണ്ടി വരുന്നതും ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാനാവശ്യങ്ങൾ നേടുന്നതിനുവേണ്ടിയാണ്. ഈ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതാണ് അവന്റെ മറ്റാവശ്യങ്ങളെല്ലാം. സ്വർഗത്തിൽ ഈ ആവശ്യങ്ങൾ നേടാൻ ഒട്ടും ക്ലേശിക്കേണ്ടതില്ല. എന്നാൽ സ്വർഗത്തിൽനിന്ന് പുറത്തുപോകേണ്ടി വന്നാൽ ഈ സൗഭാഗ്യങ്ങളെല്ലാം നഷ്ടപ്പെടും. അന്നം തിന്നാനും നാണം മറക്കാനും അന്തിയുറങ്ങാനും ഏറെ ദുരിതപ്പെട്ട് അധ്വാനിക്കേണ്ടിയും വരും.

'നീ നഗ്നനാകുന്നില്ല' എന്നാണ് وَلَا تَعْرَىٰ യുടെ അർഥം. ഒന്നുകിൽ ഇതിന്റെ താൽപര്യം അന്നപാനീയങ്ങളെന്നപോലെ വസ്ത്രങ്ങളും സ്വർഗത്തിൽ യഥേഷ്ടം ലഭിക്കുന്നു എന്നാവാം. അലക്കിയുണക്കുകയോ മാറ്റിയുടുക്കുകയോ ഒന്നും ചെയ്യാൻ ബുദ്ധിമുട്ടേണ്ടതില്ല. അല്ലെങ്കിൽ സ്വർഗസ്ഥർ പ്രകൃത്യാ നഗ്നത മറക്കപ്പെട്ടവരാണ് എന്നും താൽപര്യമാകാം. നാണം മറക്കാൻ അവിടെ വസ്ത്രം ആവശ്യമില്ല. വസ്ത്രമില്ലെങ്കിലും ആരും ആരുടെയും നഗ്നത കാണുകയില്ല. ضَحِى എന്ന ക്രിയയുടെ വർത്തമാനകാല രൂപമാണ് تضحى. ഇതിന്റെ മൂലം ضَحْو ആണ്. പൂർവാഹ്ന വെയിൽ ഏൽക്കുകയാണത്. വെയിലിന് ചൂടേറിത്തുടങ്ങുന്ന സന്ദർഭമാണ് ضُحى. സ്വർഗത്തിൽ പൂർവാഹ്ന വെയിലിന്റെ ചൂട് പോലും ഏൽക്കേണ്ടി വരുന്നില്ല എന്നാണ് പറയുന്നത്.

## 120

وَسْوَاس (ദുർബോധനം)ൽ നിന്നുള്ള ക്രിയയാണ് وَسْوَسَ. പ്രലോഭിപ്പിക്കുന്നതിനും വ്യാമോഹിപ്പിക്കുന്നതിനും ശങ്കയുണർത്തുന്നതിനും ഈ പദം ഉപയോഗിക്കും. വസ്വാസ് ഒരു പൈശാചിക വൃത്തിയാണ്. ആദി പിതാവിനെ ചെകുത്താൻ സ്വർഗത്തിൽനിന്ന് പുറത്താക്കിയത് വസ്വാസിലൂടെയായിരുന്നു. അക്കാര്യം ഖുർആൻ ആവർത്തിച്ചു അനുസ്മരിക്കുന്നത് മനുഷ്യർക്ക് താക്കീതായിട്ടാണ്. ചെകുത്താൻ ചിലപ്പോൾ നേരിട്ടാണ് ദുർബോധനവും പ്രലോഭനവും നടത്തുക. മനസ്സിൽ ആവർത്തിച്ചുണരുന്ന മോഹങ്ങളുടെയും ആർത്തികളുടെയും ദുർവിചാരങ്ങളുടെയും രൂപത്തിലായിരിക്കും അതുണ്ടാവുക. മനുഷ്യരും മനുഷ്യരിൽ വസ്വാസ് ഉണ്ടാക്കിക്കൊണ്ടിരിക്കും. ചെകുത്താന്റെ സ്വാധീനത്തിൽ പെട്ടവരായിരിക്കും അത്തരം ആളുകൾ. മനുഷ്യ മനസ്സിനെ ആവർത്തിച്ചു ദുർബോധനം ചെയ്യുന്ന ജിന്നു-പിശാചുക്കളിൽനിന്നും മനുഷ്യ പിശാചുക്കളിൽനിന്നും അല്ലാഹുവിൽ ശരണം തേടാൻ കൽപിച്ചുകൊണ്ടുള്ളതാണ് വിശുദ്ധ ഖുർആനിലെ അവസാന സൂറഃയിലെ സൂക്തങ്ങൾ.

അഹങ്കാരം മൂലം ആദമിനു സുജൂദ് ചെയ്യാൻ വിസമ്മതിച്ചതിന്റെ പേരിൽ സ്വർഗഭ്രഷ്ടനായ ഇബ്ലീസ്, ലോകാവസാനം വരെ ആദം സന്തതികളെ ദൈവമാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കാനുള്ള അവസരം അല്ലാഹുവിൽനിന്നു നേടിയിരുന്നു. ഈ വരത്തിന്റെ ബലത്തിൽ ഇബ്ലീസ് ആദമിനെ വഴിതെറ്റിക്കാനുള്ള തന്ത്രവുമായി സ്വർഗത്തിലും എത്തി. അവൻ ദുർബോധനം ചെയ്തു: ദൈവം നിങ്ങൾക്കു കനി വിലക്കപ്പെട്ട ആ വൃക്ഷമുണ്ടല്ലോ. അതാണ്

നിത്യജീവന്റെയും അനന്തമായ ആധിപത്യത്തിന്റെയും വൃക്ഷം. നിത്യജീവിതവും ഒരിക്കലും നഷ്ടപ്പെടാത്ത അധികാരവും വേണമെന്നുണ്ടെങ്കിൽ ആ വൃക്ഷത്തിന്റെ കനി തിന്നണം. ഇല്ലെങ്കിൽ ഈ സ്വർഗത്തിൽ എന്നെന്നും വസിക്കാൻ കഴിയുമെന്നതിന് ഒരുറപ്പുമില്ല. എപ്പോൾ വേണമെങ്കിലും നിങ്ങളുടെ സ്വർഗ ജീവിതം അവസാനിക്കാം. ഇവിടത്തെ അധികാരം നഷ്ടപ്പെടാം. ആദം ആദ്യമൊന്നും ഇബ്‌ലീസിന് ചെവികൊടുത്തില്ല. പക്ഷേ ഇബ്‌ലീസ് പിന്മാറാതെ പ്രലോഭനം തുടർന്നു. ഒടുവിൽ ഞാൻ നിങ്ങളുടെ ഗുണകാംക്ഷിയാണെന്ന് അവൻ ആണയിട്ടു പറഞ്ഞു. وَقَاسَمَهُمَآ إِنِّى لَكُمَا لَمِنَ ٱلنَّٰصِحِينَ (7:21) അതു കേട്ടപ്പോൾ ആദമിന്റെ മനസ്സ് ചഞ്ചലമായി. ഇവ്വിധം അവരെ മോഹിപ്പിച്ചു പാട്ടിലാക്കി-فَدَلَّىٰهُمَا بِغُرُورٍ-എന്നാണ് 7:22 ൽ പറയുന്നത്. വിലക്കപ്പെട്ടതിനോട് മോഹം തോന്നുക മനുഷ്യന്റെ ഒരു ദൗർബല്യമാണ്. അതിൽ താൻ ആഗ്രഹിക്കുന്ന ചില നേട്ടങ്ങളുണ്ടെന്ന് കേൾക്കുക കൂടി ചെയ്താൽ മോഹം ആർത്തിയായി മാറും. അതുകൊണ്ടാണ് ഇബ്‌ലീസ് ശത്രുവാണെന്നും അവൻ നിങ്ങളെ സ്വർഗത്തിൽനിന്ന് പുറത്താക്കുന്നത് സൂക്ഷിക്കണമെന്നും അല്ലാഹു നേരത്തെ മുന്നറിയിപ്പു നൽകിയത്. സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെട്ടേക്കുമോ എന്ന ആദമിന്റെ ആശങ്കയിൽ തന്നെയാണ് ഇബ്‌ലീസ് കയറിപ്പിടിച്ചത്. അവൻ നിഷ്‌ക്കളങ്ക ഗുണകാംക്ഷിയായി ചമഞ്ഞുള്ള ഉപദേശത്തിലൂടെ സ്വർഗീയാധിപത്യവും നിത്യജീവനും നിലനിർത്തണമെങ്കിൽ വിലക്കപ്പെട്ട കനി തിന്നണം എന്ന് ധരിപ്പിക്കുന്നതിൽ വിജയിച്ചു. മോഹ വലയിൽ വീണുപോയ ആദം, ആ കനി തിന്നരുതെന്ന അല്ലാഹുവിന്റെ കൽപനയും ഇബ്‌ലീസ് ബദ്ധവൈരിയാണെന്ന മുന്നറിയിപ്പും മറന്നുപോയി.

മനുഷ്യവിരോധിയായ ഇബ്‌ലീസ് മനുഷ്യനെ പീഡിപ്പിക്കാൻ തുടക്കം മുതലേ ഏറ്റം വിജയകരമായി ഉപയോഗിക്കുന്ന തന്ത്രം നിഷ്‌കളങ്ക ഗുണകാംക്ഷി ചമഞ്ഞുകൊണ്ടുള്ള പ്രലോഭനമാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. അവൻ എപ്പോഴും ഗുണകാംക്ഷിയുടെ വേഷത്തിൽ വന്ന് നാഗരിക വികാസത്തിന്റെയും വിജയത്തിന്റെയും മാർഗം അല്ലാഹുവും റസൂലും അനുശാസിച്ച നിയമങ്ങൾ അവഗണിച്ചു മുന്നോട്ടു പോവുകയാണെന്ന് മനുഷ്യരെ തെറ്റുധരിപ്പിക്കുന്നു. ആദിപിതാവിനെയെന്ന പോലെ ആധുനിക മനുഷ്യനെയും അവൻ വ്യാമോഹിപ്പിച്ചുകൊണ്ടിരിക്കുന്നത് ദൈവിക ശരീഅത്തിന്റെ വിധിവിലക്കുകൾ അവഗണിച്ചു മുന്നോട്ടു പോയില്ലെങ്കിൽ പുരോഗമനോന്മുഖമായ സംസ്‌കാര-നാഗരികതകൾ അമ്പേ തകർന്നു പോകുമെന്നാണ്.

شجرة الخلد ഭാഷാർഥത്തിൽ ശാശ്വത വൃക്ഷമാണ്. തിന്നുന്നവർക്ക് നിത്യജീവിതം ലഭിക്കുന്ന പഴം കായ്ക്കുന്ന വൃക്ഷമെന്നാണുദ്ദേശ്യം. അല്ലാഹു ആദമിനു നിത്യജീവൻ വാഗ്ദാനം ചെയ്തിരുന്നില്ല. അതുകൊണ്ട് തന്റെ ജീവൻ അവസാനിച്ചേക്കുമോ എന്ന് അദ്ദേഹത്തിനു ആശങ്കയുണ്ടാവുക സ്വാഭാവികമായിരുന്നു. ഇബ്‌ലീസ് ഈ ആശങ്കയെ തന്ത്രപൂർവം ഉപയോഗപ്പെടുത്തുകയായിരുന്നു. വിലക്കപ്പെട്ട വൃക്ഷത്തെ നിത്യജീവന്റെ വൃക്ഷം എന്ന് ഇബ്‌ലീസ് പരിചയപ്പെടുത്തിയത് കള്ളമായിരുന്നുവെന്നതിന് അതിന്റെ ഫലം ഭുജിച്ച ആദമിന് നിത്യജീവിതം ലഭിച്ചില്ല എന്നതുതന്നെ തെളിവാകുന്നു. സ്വർഗത്തിൽ സ്ഥിരമായ രാജാധിപത്യവും ആദമിനു വാഗ്ദാനം ചെയ്തിരുന്നില്ല. വിലക്കപ്പെട്ട കനി തിന്നാൽ സ്വർഗ ലോകത്തിന്മേൽ ഒരിക്കലും നഷ്ടപ്പെടാത്ത ആധിപത്യം ലഭിക്കുമെന്ന് ഇബ്‌ലീസ് അദ്ദേഹത്തെ തെറ്റുധരിപ്പിക്കുകയായിരുന്നു. ആദമിനെ വശീകരിക്കാൻ ഇബ്‌ലീസ് നിരവധി പ്രലോഭനങ്ങൾ പയറ്റി നോക്കിയതാണ്. അതിൽ ആദം വീണുപോയ രണ്ടു വ്യാമോഹങ്ങളാണ് നിത്യജീവനും സ്വർഗാധിപത്യവും.

സൂറഃ അഅ്‌റാഫ് 20-ാം സൂക്തത്തിൽ ഇബ്‌ലീസ് പറഞ്ഞതായി ഉദ്ധരിക്കുന്നത്

مَا نَهَىٰكُمَا رَبُّكُمَا عَنْ هَٰذِهِ ٱلشَّجَرَةِ إِلَّآ أَن تَكُونَا مَلَكَيْنِ أَوْ تَكُونَا مِنَ ٱلْخَٰلِدِينَ

"റബ്ബ് ഈ വൃക്ഷം നിരോധിച്ചിട്ടുള്ളത് നിങ്ങൾ മലക്കുകളായിത്തീരുകയോ നിത്യജീവിതം കൈവരിക്കുകയോ ചെയ്യാതിരിക്കാൻ തന്നെയാകുന്നു" എന്നാണ്. ഈ സൂക്തത്തിൽ പരാമർശിച്ച مُلْك ഉം പ്രസ്തുത സൂക്തത്തിലെ مَلَكَيْنِ യും തമ്മിൽ വൈരുധ്യമില്ലെങ്കിലും സാരമായ അന്തരമുണ്ട്. അതിൽ പറയുന്ന 'മലക്കുകളായിത്തീരുക' എന്നതും ഇബ്‌ലീസിന്റെ പ്രലോഭനങ്ങളിലൊന്നായി കാണാവുന്നതാണ്. എന്നാൽ ചില വ്യാഖ്യാതാക്കൾ مَلَكَيْنِ യെയും مَلَك നെയും ബന്ധിപ്പിച്ചുകൊണ്ട് ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു. مَلَكَيْنِ (രണ്ടു മലക്കുകൾ) എന്ന് ഉച്ചരിക്കുന്ന വാക്ക് യഥാർഥത്തിൽ مَلِكَيْنِ (രണ്ടു രാജാക്കന്മാർ) എന്നാണ്. അതായത് പ്രകൃത സൂക്തത്തിൽ പറഞ്ഞ ملك ഉം അഅ്‌റാഫ് 20-ാം സൂക്തത്തിൽ പറഞ്ഞ ملكين യും ഒന്നു തന്നെയാണ്. പക്ഷേ, സുപരിചിതവും സർവാംഗീകൃതവുമായ പാരായണം مَلَكَيْنِ എന്നു തന്നെയാണ്. ബഹുഭൂരിഭാഗം പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുള്ളതും അതനുസരിച്ചാണ്. അതുകൊണ്ട് ലുപ്തപ്രചാരമായ പാരായണത്തെ قراءة شاذّة-കൂട്ടുപിടിച്ച് ഈ സൂക്തങ്ങളെ കൂട്ടിയിണക്കേണ്ട കാര്യമില്ല. അങ്ങനെ കൂട്ടിയിണക്കാത്തതുകൊണ്ട് ആശയ വൈരുധ്യമൊന്നും സംഭവിക്കുന്നില്ലല്ലോ. സ്വർഗത്തിന്റെ ആധിപത്യം മോഹിച്ച് വിലക്കപ്പെട്ട കനി തിന്ന ആദമിന് അതിന്റെ പേരിൽ സ്വർഗവാസം തന്നെ നഷ്ടപ്പെട്ടു എന്നതാണ് ഇതു പഠിപ്പിക്കുന്ന പ്രധാന പാഠം.

## 121

**ഈ** സൂക്തത്തിലെ فَبَدَتْ لَهُمَا.....وَرَقِ ٱلْجَنَّةِ എന്ന ഭാഗം സൂറഃ അഅ്‌റാഫ് 22-ാം സൂക്തത്തിൽ വന്നിരിക്കുന്നു. *ഖുർആൻ ബോധന*ത്തിന്റെ വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ വായിക്കാം. വഴിതെറ്റി, വിഡ്ഢിയായി, പരാജിതനായി എന്നൊക്കെയാണ് غوى യുടെ ആശയം. ഈ ആശയങ്ങളെല്ലാം ഇവിടെ സാധുവാകുന്നു. ആദം വിലക്കപ്പെട്ട കനി ഭുജിച്ചുകൊണ്ട് അല്ലാഹുവിനെ ധിക്കരിച്ചതിനാൽ വഴിപിഴക്കുകയും ഇബ്‌ലീസിനാൽ വിഡ്ഢിയാക്കപ്പെടുകയും അങ്ങനെ സ്വർഗവാസം നിലനിർത്തുന്നതിൽ പരാജിതനാവുകയും ചെയ്തു. വിലക്കപ്പെട്ട കനി ഭുജിച്ചതോടെ അവരുടെ അഭൗമിക സ്വർഗീയ പ്രകൃതി മാഞ്ഞുപോയി. പരിശുദ്ധിയുടെ വസ്ത്രം ഉരിഞ്ഞുപോയി. സ്വർഗം എന്നെന്നും സ്വന്തമാക്കാനായിരുന്നു ഇബ്‌ലീസിന്റെ ഉപദേശം സ്വീകരിച്ചതുമൂലം, കൈവന്ന സ്വർഗവും നഷ്ടപ്പെടുകയാണെന്നറിഞ്ഞ് അവർ പരിഭ്രാന്തരായി.

■